നമ്പർ കെ.1 35399/06

വാണിജ്യ നികുതി കമ്മീഷണറേറ്റ്
തിരുവനന്തപുരം, തീയതി 24.08.06

# ലക്കി വാറ്റ്

*നമുക്കും നാടിനും*

## <u>സർക്കുലർ</u>

മൂല്യവർദ്ധിത നികുതി സമ്പ്രദായം കഴിഞ്ഞവർഷം കേരളത്തിൽ നടപ്പിലാക്കി. വിൽപ്പനയുടെ ഓരോ ഘട്ടത്തിലും ബില്ലുകൾ നൽകുന്നതിലൂടെ മാത്രമേ ഈ നികുതി സമ്പ്രദായം ഫലപ്രദമാവുകയുള്ളൂ. എന്നാൽ വ്യാപാരികൾ വിൽപ്പനയ്ക്ക് ബില്ല് നൽകുന്നതിനോ ഉപഭോക്താക്കൾ ബില്ല് ചോദിച്ചുവാങ്ങുന്നതിനോ ഇപ്പോഴും വലിയ താല്പര്യം കാണിക്കുന്നില്ല. ഈ പ്രവണത അവസാനിപ്പിക്കേണ്ടതുണ്ട്. വ്യാപാരികളുടെ കടമകളെക്കുറിച്ചും ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിന് ചില പരിപാടികൾ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന പ്രോത്സാഹന സമ്മാനപദ്ധതി പ്രഖ്യാപിക്കുന്നു.

1) ഈ പദ്ധതിയുടെ പേര് ലക്കിവാറ്റ് എന്നതാണ്.

2) ഈ പദ്ധതി കേരളത്തിൽ മുഴുവൻ ബാധകമായിരിക്കും.

3) ഈ പദ്ധതി 2006 ആഗസ്റ്റ് 29 ന് പ്രാബല്യത്തിൽ വരുന്നതാണ്.

4) മൂല്യവർദ്ധിത നികുതി നിയമപ്രകാരം നികുതി വിധേയമായ സാധനങ്ങളുടെ വില്പനയ്ക്ക് ബില്ലുകൾ നൽകുന്നതിന് വ്യാപാരികളേയും ബില്ലുകൾ ചോദിച്ചു വാങ്ങുന്നതിന് ഉപഭോക്താക്കളേയും പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

5) 1000 രൂപയ്ക്കോ അതിൽ കൂടുതലോ വിലയ്ക്ക് ബില്ല് പ്രകാരം സാധനങ്ങൾ വാങ്ങുമ്പോൾ ഓരോ 1000 രൂപയ്ക്കും 1 എന്ന നിരക്കിൽ ഉപഭോക്താവിന് സൗജന്യമായി സ്ക്രാച്ച് കാർഡുകൾ ബന്ധപ്പെട്ട വ്യാപാരികളിലൂടെ നൽകുന്നതാണ്.

6) ഒരു ഉപഭോക്താവ് ഒരു കലണ്ടർ മാസത്തിൽ ഒന്നിൽക്കൂടുതൽ ബില്ലുകളിലൂടെ ഒരു വ്യാപാരിയിൽ നിന്ന് സാധനങ്ങൾ വാങ്ങിയാൽ മൊത്തം ബില്ലുകൾ 1000 രൂപ തികയുമ്പോൾ അത് സമർപ്പിച്ച് സ്ക്രാച്ച് കാർഡുകൾ വാങ്ങാവുന്നതാണ്.

7) സ്ക്രാച്ച് കാർഡ് കടയിൽവെച്ചുതന്നെ സ്ക്രാച്ച് ചെയ്ത് 5000 രൂപയിൽ താഴെയുള്ള സമ്മാന തുക ബന്ധപ്പെട്ട വ്യാപാരികളിൽ നിന്ന് അപ്പോൾതന്നെ വാങ്ങാവുന്നതാണ്. വ്യാപാരി സൂക്ഷിക്കുന്ന ലിസ്റ്റിൽ സമ്മാന ജേതാവ് പേരെഴുതി ഒപ്പിട്ടു നൽകേണ്ടതും സമ്മാനം നേടിയ കാർഡ് വ്യാപാരിക്ക് നൽകേണ്ടതുമാണ്.

8) സ്ക്രാച്ച് കാർഡിലും കൗണ്ടർ ഫോയിലിലും വ്യാപാരിയുടെ വാറ്റ് രജിസ്ട്രേഷൻ നമ്പരും ബില്ല് നമ്പരുകളും രേഖപ്പെടുത്തേണ്ടതാണ്.

9) 5000 രൂപയും അതിന് മുകളിലുമുള്ള സമ്മാനങ്ങൾ അടുത്തുള്ള കേരള സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസിന്റെ ശാഖയിൽ നിന്ന് ലഭിക്കും. സ്ക്രാച്ച് കാർഡിനോടൊപ്പം ബന്ധപ്പെട്ട വ്യാപാരി നൽകുന്ന ഫോറവും സമ്മാന ജേതാവ് കെ.എസ്.എഫ്.ഇ. ശാഖയിൽ സമർപ്പിക്കണം. 5000 രൂപ യിൽ കൂടുതലുള്ള സമ്മാന തുകയ്ക്ക്, മേൽ രേഖകൾക്ക് പുറമെ ഐഡന്റിഫിക്കേഷൻ തെളിയി ക്കുന്ന രേഖകൾ കൂടി ഹാജരാക്കണം. 5000 രൂപയ്ക്ക് മുകളിലുള്ള സമ്മാന തുകയിൽ നിന്ന് നിയമാനുസൃതമായ ടാക്സ് കെ.എസ്.എഫ്.ഇ. അധികൃതർ കുറവ് ചെയ്യേണ്ടതാണ്.

10) സ്ക്രാച്ച് കാർഡുകൾ സർക്കാർ പ്രിന്റ് ചെയ്യുന്നതും വാണിജ്യ നികുതി ഓഫീസുകളിലൂടെ വാറ്റ് രജിസ്ട്രേഷനുള്ള വ്യാപാരികൾക്ക് സൗജന്യമായി നൽകുന്നതുമാണ്. ലഭിച്ച സ്ക്രാച്ച് കാർഡു കൾ 75% ഉപയോഗിച്ചു കഴിഞ്ഞാൽ വീണ്ടും സ്ക്രാച്ച് കാർഡുകൾക്ക് അപേക്ഷിക്കാവുന്നതാണ്. അപ്രകാരം അപേക്ഷ നൽകുമ്പോൾ ഉപയോഗിച്ചു കഴിഞ്ഞ സ്ക്രാച്ച് കാർഡുകളുടെ കൗണ്ടർ ഫോയിലുകൾ കണക്ക് സഹിതം സമർപ്പിക്കേണ്ടതാണ്. അസ്സസിംഗ് ഓഫീസ്സർമാർ ഉപയോഗിച്ച സ്ക്രാച്ച് കാർഡുകളുടെ കണക്കും റിട്ടേണിൽ രേഖപ്പെടുത്തിയ വിൽപ്പനയും താരതമ്യം ചെയ്ത് നികുതി സമാഹരണം ഉറപ്പു വരുത്തേണ്ടതാണ്.

11) വ്യാപാരികൾ വിതരണം ചെയ്ത സമ്മാനങ്ങളുടെ തുക അടുത്തുള്ള കെ.എസ്.എഫ്.ഇ. ശാഖ യിൽ നിന്ന് കൈപ്പറ്റാവുന്നതാണ്. ഇതിന് സമ്മാനം നേടിയ സക്രാച്ച് കാർഡുകൾ ഒരു സ്റ്റേറ്റ്മെന്റ് സഹിതം സമർപ്പിക്കേണ്ടതാണ്.

12) വ്യാപാരികൾ ഉപയോഗിച്ച സ്ക്രാച്ച് കാർഡുകളുടെ എണ്ണം വാറ്റ് റിട്ടേണുകളിൽ രേഖപ്പെടുത്തേ ണ്ടതാണ്.

13) ഈ പദ്ധതി കേരള മൂല്യവർദ്ധിത നികുതി നിയമമനുസരിച്ച് നികുതി വിധേയമാകുന്ന വിൽപ്പ നയ്ക്ക് മാത്രമേ ബാധകമാവുകയുള്ളു.

14) ഉപഭോക്താവിന് സാധനങ്ങൾ വിൽക്കുമ്പോൾ മാത്രമെ ഈ പദ്ധതി ബാധകമാവുകയുള്ളു.

15) വ്യാപാരികൾ തമ്മിലുള്ള വിൽപ്പനകൾക്ക് ഈ പദ്ധതി ബാധകമല്ല.

16) താഴെപ്പറയുന്ന വിൽപ്പനകൾക്ക് ഈ പദ്ധതി ബാധകമല്ല.

a) മൂല്യവർദ്ധിത നികുതി നിയമത്തിലെ 1-)മത്തെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ നികുതി വിധേയമല്ലാത്ത സാധനങ്ങൾ.
b) മേൽനിയമത്തിലെ 4-)മത്തെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള പെട്രോളിയം ഉൽപ്പന്നങ്ങൾ, മദ്യം, മയക്കുമരുന്നുകൾ.
c) വാഹനങ്ങൾ (എല്ലാ തരവും)
d) സിമെന്റ് (എല്ലാ തരം)
e) ഇരുമ്പും ഉരുക്കും
f) കോമ്പൗണ്ടഡ് റേറ്റിൽ നികുതി നൽകുന്ന വില്പനകൾ.
g) വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ കൈമാറ്റം ചെയ്യപ്പെടുന്ന ചരക്കുകൾ.
h) മിലിട്ടറി - നേവൽ - എയർഫോഴ്സ് - എൻ.സി.സി. കാന്റീനുകൾ, കാന്റീൻ സ്റ്റോർസ് ഡിപ്പാർട്ടുമെന്റ്, ഗവൺമെന്റ് വകുപ്പുകൾ എന്നിവ വിൽക്കുന്ന ചരക്കുകൾ.
i) ലക്ഷദ്വീപിലേക്കും, ലക്ഷദ്വീപ് സ്ഥാപനങ്ങൾക്കും/വ്യാപാരികൾക്കും നികുതി ഇളവിൽ വിൽപ്പന നടത്തുന്ന ചരക്കുകൾ.

17) ഈ പദ്ധതി 31.03.2007 വരെ പ്രാബല്യത്തിലുണ്ടാവുന്നതാണ്.

കമ്മീഷണർ
വാണിജ്യ നികുതി വകുപ്പ്

മേലെഴുത്ത് നമ്പർ കെ.ഇ.4-6312/06 വാണിജ്യ നികുതി വകുപ്പ് ഡെപ്യൂട്ടി കമ്മീഷണറുടെ കാര്യാലയം, കോഴിക്കോട് തീയതി : 25.8.2006

കോഴിക്കോട്, വയനാട് ജില്ലകളിലെ എല്ലാ ഓഫീസ്സർമാർക്കും അറിവിലേക്കും അനന്തര നടപടി കൾക്കുമായി അയയ്ക്കുന്നു.

(ഒപ്പ്)
ഡെപ്യൂട്ടി കമ്മീഷണർ

(അംഗീകാരത്തോടെ)

മാനേജർ